**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :561 04.02.2020-ലെ മറുപടിക്ക്

## മാവൂർ ഗ്വാളിയർ റയൺസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ടി.എ. റഹീം | ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) മാവൂർ ഗ്വാളിയർ റയൺസ് പ്രവർത്തിച്ചിരുന്ന സ്ഥലം പ്രകൃതി സൗഹൃദ വ്യവസായങ്ങൾ തുടങ്ങുന്നതിന് ഉപയോഗപ്പെടുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | **(എ)** മാവൂർ ഗ്വാളിയർ റയൺസ് പ്രവർത്തിച്ചിരുന്ന ഭൂമിയിൽ പ്രകൃതി സൗഹൃദ വ്യവസായങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ച് സർക്കാർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. |
| (ബി) വ്യവസായം തുടങ്ങാൻ തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ? | **(ബി)** ഇൻഡസ്ട്രീസ് (ജി) വകുപ്പിന്റെ 10/10/2017 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ (എം.എസ്) 97/2017/ഐ.ഡി പ്രകാരം കമ്പനിയുടെ കൈവശമുള്ള 238.41 ഏക്കർ ഭൂമി തിരികെ എറ്റെടുക്കുന്നതിനും ഇൻഡസ്ട്രിയൽ പാർക്ക് തുടങ്ങുന്നതിന് കിൻഫ്രയ്ക്ക് അനുവദിക്കുന്നതിനുമാണ് സർക്കാർ ഉത്തരവായിരുന്നത്.ടി സർക്കാർ ഉത്തരവിനെതിരെ ഗ്രാസിം ഇൻഡസ്ട്രീസ് കമ്പനി ബഹുമാനപ്പെട്ട ഹൈക്കോടതി മുൻപാകെ WP(C)33103/2017 ആയി റിട്ട് ഹർജി ബോധിപ്പിക്കുകയും ആയത് പ്രകാരം 97/2017 നമ്പർ സർക്കാർ ഉത്തരവിന്മേൽ ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ഓർഡർ പുറപ്പെടുവിക്കുകയും ചെയ്തതിനാൽ ഭൂമി ഏറ്റെടുക്കുന്നതിന് തുടർനടപടി സ്വീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. നിലവിൽ കേസ് കോടതിയുടെ പരിഗണനയിലാണ്. |

Rabna

**സെക്ഷൻ ഓഫീസർ**